**പതിനാലാം കേരളനിയമസഭ**

**ഒമ്പതാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1932** | **01.02.2018-ൽ മറുപടിക്ക്** |
|---|---|

## പോലീസ് പിക്കറ്റ് പോസ്റ്റ്

| | ചോദ്യം<br>ശ്രീ. അനിൽ അക്കര | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ തുടർച്ചയായി പോലീസ് സംരക്ഷണം നൽകുന്ന ഘട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് താമസിക്കുന്നതിനായി പിക്കറ്റ് പോസ്റ്റിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടത് ആരുടെ ചുമതലയാണെന്ന് വ്യക്തമാക്കുമോ; | (എ) | ബന്ധപ്പെട്ട വ്യക്തികളോ സ്ഥാപനങ്ങളോ ആണ് പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടത്. |
| (ബി) | പിക്കറ്റ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവർ ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യുന്ന സമയവും മറ്റു വിവരങ്ങളും ജി.ഡി.യിൽ രേഖപ്പെടുത്താറുണ്ടോ? | (ബി) | ഉണ്ട്. |
| (സി) | പിക്കറ്റ് പോസ്റ്റുകൾ പിൻവലിക്കുമ്പോൾ പ്രസ്തുത പോസ്റ്റിലെ സർക്കാർ മുതലുകൾ തിരികെ കൊണ്ടു പോകുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ? | (സി) | പിക്കറ്റ് പോസ്റ്റുകൾ പിൻവലിക്കുമ്പോൾ അവിടത്തെ സർക്കാർ മുതലുകൾ തിരികെ കൊണ്ട് പോകുന്നതിന്റെ ചുമതല പ്രസ്തുത പിക്കറ്റ് പോസ്റ്റുകളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനാണ്. |

സെക്ഷൻ ഓഫീസർ